## അനുസ്മരണം

# കെ.കെ അബ്ദുൽ ഖാദർ

**കോട്ടയത്തെ** ആദ്യകാല ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായിരുന്നു കുമ്മനം നെടുംതറയിൽ കെ.കെ അബ്ദുൽ ഖാദർ (85). കെ.എസ്.ഇ.ബി സീനിയർ സൂപ്രണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കോട്ടയം പ്രാദേശിക ജമാഅത്ത് സെക്രട്ടറി, കുമ്മനം തബ്‌ലീഗുൽ ഇസ്‌ലാം മദ്റസ പ്രസിഡന്റ്, താഴത്തങ്ങാടി ഇഖ്ബാൽ പബ്ലിക് ലൈബ്രറി സ്ഥാപകാംഗം, കുമ്മനം ഇസ്‌ലാമിക് സെന്റർ ട്രസ്റ്റ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം കുമ്മനം പ്രദേശത്ത് പ്രസ്ഥാനം കെട്ടിപ്പടുക്കാൻ മുൻപന്തിയിൽ നിന്ന അദ്ദേഹത്തിന് കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. *മാധ്യമം* ദിനപത്രത്തിന്റെ തുടക്കകാലത്ത് നാട്ടിൽ അതിന്റെ പ്രചാരണത്തിന് ഏറെ യത്നിച്ചു. മകൻ ജാബിർ തുടക്കകാലത്ത് അതിന്റെ ഏജന്റായിരുന്നു.



ഭാര്യ പരേതയായ ഐഷാ ഉമ്മ. മക്കൾ: ഇഖ്ബാൽ, ഷാജി, ജാബിർ, ഫാറൂഖ്, പരേതനായ നിയാസ്, ലൈല, ഷക്കീല, പരേതയായ സ്വഫിയ.

**ഇ.എ ബഷീർ ഫാറൂഖി**

# പാത്തുമ്മക്കുട്ടി

**എം.കെ** പാത്തുമ്മക്കുട്ടി എന്ന പാത്തുമ്മ ടീച്ചർ(89) ഇസ്‌ലാമിക പ്രസ്ഥാനത്തോടൊപ്പം സഞ്ചരിച്ച ഒരു കുടുംബത്തിന്റെ നായികയും മേഖലയിലെ മൂന്ന് നാല് തലമുറകളുടെ പ്രിയങ്കരിയായ അധ്യാപികയുമായിരുന്നു. പരേതനായ ടി. അബൂബക്കറായിരുന്നു ഭർത്താവ്. പോലീസ് ഉദ്യോഗസ്ഥനായിരുന്നു അബൂബക്കർ. പോലീസ് സർവീസിലിരിക്കുമ്പോഴും ആദർശം മുറുകെ പിടിച്ചിരുന്ന അബൂബക്കർ സാഹിബിന്റെ സഹധർമിണിയായ പാത്തുമ്മ ടീച്ചറുടെ ജീവിതത്തിലും ആ സദ്ഗുണങ്ങൾ നിറഞ്ഞ് നിന്നു. 1925-ൽ പാണ്ടിക്കാട് ജനിച്ച പാത്തുമ്മ ടീച്ചർ 1950 കാലഘട്ടത്തിലാണ് കാളികാവ് മേഖലയിൽ അധ്യാപികയായി എത്തുന്നത്. പിന്നീട് പ്രദേശത്തെ സ്ഥിരതാമസക്കാരിയായി മാറി. പ്രദേശത്ത് ഇന്ന് ജീവിച്ചിരിക്കുന്ന അറുപത് പിന്നിട്ടവർക്ക് പോലും അക്ഷരം പകർന്ന് കൊടുത്തിട്ടുണ്ട് ടീച്ചർ. വിദ്യാഭ്യാസത്തിന് ഏറെ വിലക്കും അസൗകര്യങ്ങളുമുണ്ടായിരുന്ന അക്കാലത്ത് കോഴിക്കോട് നടക്കാവിൽ പോയി ടി.ടി.സി എടുത്താണ് അവർ അധ്യാപന വൃത്തിയിലേക്ക് കടന്നുവരുന്നത്.



മകൻ ടി. അബ്ദുൽ ബഷീർ മാസ്റ്റർ കാളികാവ് കാർക്കൂൻ ഹൽഖ സെക്രട്ടറിയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള കാളികാവ് പുറ്റമണ്ണ ഐ.എസ്.ടി ട്രസ്റ്റ് സെക്രട്ടറിയുമാണ്.

നാസറുദ്ദീൻ (റിട്ട. സൂപ്രണ്ട്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി), സക്കീന, പരേതനായ ശംസുദ്ദീൻ എന്നിവരാണ് മറ്റു മക്കൾ.

**കെ. അത്തീഫ്**

# യൂസുഫ് ഹാജി വലിയകത്ത്

**കൂട്ടിലങ്ങാടി** വാഴക്കാട്ടിരിയിലെ യൂസുഫ് ഹാജി(63) ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സഹയാത്രികനായിരുന്നു. മുപ്പതു വർഷത്തോളം പ്രവാസ ജീവിതം നയിച്ച പരേതൻ അതിലധികവും ജോലി ചെയ്തത് സുഊദി രാജാവിന്റെ സഹോദരി പ്രിൻസ് ലുൽവാ ബിൻത് അബ്ദുൽ അസീസിന്റെ വീട്ടിലായിരുന്നു. രാജാവിന്റെ സഹോദരിക്കും മറ്റു രാജകുടുംബാംഗങ്ങൾക്കും പ്രിയങ്കരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സ്പോൺസറുടെ (രാജാവിന്റെ സഹോദരി) മരണം ഏൽപ്പിച്ച ആഘാതം കൂടിയായിരുന്നു അദ്ദേഹത്തെ നാട്ടിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ചത്.



ജീവിതാന്ത്യം വരെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സഹയാത്രികനായിരുന്ന അദ്ദേഹത്തിന്റെ ആരാധനാ കാര്യങ്ങളിലെ നിഷ്ഠ എടുത്തുപറയേണ്ടതാണ്. ഗൾഫിലും നാട്ടിലുമായി ഒരു വലിയ സുഹൃദ്‌വലയത്തിനുടമയായ അദ്ദേഹത്തിന്റെ സംസാരത്തിൽ ദൈവഭക്തിയും സ്തുതിയും സ്തോത്രങ്ങളും നിർബാധം കടന്നുവരികയും പ്രാർഥിക്കാനുള്ള അപേക്ഷയോടെ സംസാരം അവസാനിക്കുകയും ചെയ്യുമായിരുന്നു. രാജകൊട്ടാരത്തിലെ സദ്യവട്ടങ്ങളിലെ വിഭവസമൃദ്ധമായ ഭക്ഷണ പദാർഥങ്ങളിൽ ബാക്കിവരുന്നവ ഒട്ടും പാഴാക്കിക്കളയാതെ, അവ സ്വന്തം വാഹനത്തിൽ കയറ്റി ഇന്ത്യക്കാരും പാകിസ്താനികളും ബംഗ്ലാദേശുകാരുമായ പാവപ്പെട്ട തൊഴിലാളികൾക്ക് കൊണ്ടുപോയി കൊടുക്കുന്നതിനു ഈ കുറിപ്പുകാരൻ നിരവധി തവണ സാക്ഷിയായിട്ടുണ്ട്.

ഭാര്യ പരേതനായ വടക്കമണ്ണ സി.എച്ച് കുഞ്ഞാലി മാസ്റ്ററുടെ മകൾ ഫാത്വിമ. മക്കൾ മുഹ്സിൻ, നൂർജഹാൻ, ഷെറീന, മുബീന, നൗഫ, സഫ. മരുമക്കൾ ജസീല, ശംസുദ്ദീൻ, അബ്ദുല്ലത്വീഫ്, ഹനീഫ, ഷാജഹാൻ.

**സി.എച്ച് മുഹമ്മദലി, കൂട്ടിലങ്ങാടി**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*